"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-എറണാകുളം ജില്ലാ പഞ്ചായത്ത്- വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശ പഠനത്തിന് കുമാരി. അനഘാ ഷിബുവിന് ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1685/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 18/09/2020

---

പരാമർശം:- 1 എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4.11.2019-ലെ 69351/19/CC/DPO/EKM നമ്പർ കത്ത്.

2 എറണാകുളം ജില്ലാ കളക്ടറുടെ 24.2.2020-ലെ 69351/19/CC/DPO/EKM നമ്പർ കത്ത്.

3 27/05/2020ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.5.

4 24/06/2020ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 2.3(4.5).

ഉത്തരവ്

എറണാകുളം ജില്ലാ പഞ്ചായത്ത് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് വിദേശ ഉപരിപഠനത്തിന് ധനസഹായം നൽകുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. റഷ്യയിലെ നോർത്തേൺ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ എം.ബി.ബി.എസിന് (ഒന്നാം വർഷം) പഠിക്കുന്ന കുമാരി. അനഘ ഷിബു, കരിക്കപ്പുഴ വീട്, ഏഴിക്കര എന്ന കുട്ടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. വിദ്യാർത്ഥിനിയുടെ കുടുംബ വാർഷിക വരുമാനം 36,000/- രൂപയാണ്. ടി കോഴ്സിന് ട്യൂഷൻ ഫീസ് $ 4500/-, ഹോസ്റ്റൽ ഫീസ് $1000/-, ഇൻഷുറൻസ് $250/- ഫുഡ് $1000/- എന്നീ നിരക്കിൽ ഒരു വർഷത്തേക്ക് $6750/- ഡോളർ ചെലവ് വച്ച് 6 വർഷത്തേക്ക് 40,500/- ഡോളർ ചെലവ് വരുന്നതാണെന്നും സർക്കാർ മാനദണ്ഡപ്രകാരം ധനസഹായം അനുവദിക്കുന്നതിന് ടി കോഴ്സ് അർഹമല്ലായിരുന്നു. കൂടാതെ വിദ്യാർത്ഥിനി തെരഞ്ഞെടുത്ത കോളേജിന്റെ റാങ്കിങ് 500-ൽ താഴെയാണ്. ഈ ന്യൂനതകൾ പരിഹരിക്കുവാൻ ബുദ്ധിമുട്ടാണ്. ആയതിനാൽ കുട്ടിക്ക് ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കാൻ പരാമർശം (1) (2) എന്നിവ പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഈ വിഷയം സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. വിദ്യാർത്ഥിനി NEET റാങ്കിൽ വളരെ പിന്നിലായതിനാൽ ഇന്ത്യയിൽ പ്രവേശനം ലഭിക്കാൻ സാധ്യതയില്ലായിരുന്നെന്നും, ഇപ്പോൾ അഡ്മിഷൻ ലഭിച്ച യൂണിവേഴ്സിറ്റിക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ

അംഗീകാരമുണ്ടെന്നാണ് MCI യുടെ വെബ്സൈറ്റിൽ നിന്നും മനസിലാകുന്നതെന്നും കില ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 3.00 ലക്ഷം രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) വീതം കുമാരി. അനഘ ഷിബുവിന് ധനസഹായം നൽകാൻ എറണാകുളം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം.

ജില്ലാ കളക്ടർ,എറണാകുളം ജില്ല.

സെക്രട്ടറി, എറണാകുളം ജില്ലാ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Signature valid
Digitally signed by
REENAMMA
Date: 2020. 12:46:28 IST
Reason: Approved
സെക്ഷൻ ഓഫീസർ.